**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4538** **17.12.2014** ലെ മറുപടിക്ക്

**പട്ടിക ജാതി വിഭാഗക്കാർക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എ.കെ.ബാലൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവനനിർമ്മാണത്തിനായി, ഐ.എ.വൈ പദ്ധതി പ്രകാരം 2 ലക്ഷം രൂപ നൽകുമ്പോൾ, പട്ടികജാതി വകുപ്പ് ഇതിനായി 3 ലക്ഷം രൂപയാണ് നല്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ഐ.എ.വൈ. പദ്ധതിയിൽ പട്ടിക ജാതി ഗുണഭോക്താക്കൾ കുറയുകയും പട്ടിക ജാതി വകുപ്പിലേക്കുള്ള അപേക്ഷ കൂടുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഇപ്രകാരം, പര്യാപ്തമായ തുക യില്ലാത്തതിനാൽ ഐ.എ.വൈ. പദ്ധതിയിൽ നിന്നും, അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ പട്ടിക ജാതി വകുപ്പിൽ നിന്നും പട്ടിക ജാതി വിഭാഗക്കാർക്ക് വീട് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പ് ഓരോ വർഷവും നിശ്ചയിക്കുന്ന ഭൗതിക ലക്ഷ്യത്തിനനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ / വാർഡ് സഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. |
| (ഡി) | ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ധനസഹായം 2 ലക്ഷത്തിൽ നിന്ന് 3 ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് ഗ്രാമ വികസന വകുപ്പുമായി പട്ടിക ജാതി വകുപ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ച നടത്തി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പട്ടിക ജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിന്റെ നിരക്ക് 3 ലക്ഷമായി ഉയർത്തിയതിനാൽ ഐ.എ.വൈ പദ്ധതിക്ക് അപേക്ഷകരുടെ എണ്ണം കുറയുന്ന പ്രശ്നം തദ്ദേശസ്വയം ഭരണ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ